LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) സംസ്ഥാനത്തെ LA പട്ടയഭൂമികളിൽ നിന്നിരുന്ന സർക്കാർ റിസർവ് ചെയ്ത മരങ്ങൾ മുറിച്ച് നീക്കിയതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി വിവരം അന്വേഷിക്കുന്നതിനായി ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ 5 സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ രൂപീകരിച്ചു. സംസ്ഥാനത്ത് എല്ലാ വനം ഡിവിഷനുകളിലും അന്വേഷണം നടത്താനായി രൂപീകരിച്ച സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിൽ ഉൾപ്പെടുത്തിയിരുന്ന തിരുവനന്തപുരം, കണ്ണൂർ ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷൻ ഫോറസ്റ്റ് ഓഫീസർമാർ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ കണ്ണൂർ ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിൽ നിന്നും ഒഴിവാക്കി. ടിയാന് നൽകിയിരുന്ന ഇടുക്കി, കോട്ടയം ജില്ലകളുടെ അന്വേഷണചുമതല തിരുവനന്തപുരം ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷൻ ഫോറസ്റ്റ് ഓഫീസർക്ക് നൽകുകയും, തിരുവനന്തപുരം ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷൻ ഫോറസ്റ്റ് ഓഫീസർക്ക് അന്വേഷണ ചുമതല നൽകിയിരുന്ന വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളുടെ ചുമതല ഇടുക്കി ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകുകയുണ്ടായി. കോഴിക്കോട് ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ എറണാകുളം, ഇടുക്കി ജില്ലകളുടെ ചുമതലയോടെ അന്വേഷണ ടീമിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ അന്വേഷണ ടീം വിപുലീകരിക്കുന്നതിനുള്ള നിർദ്ദേശം വന്നപ്പോൾ ടി ഓഫീസറെ പ്രസ്തുത ചുമതലയിൽനിന്നും ഒഴിവാക്കുകയുണ്ടായി. തുടർന്ന് അന്വേഷണ ടീം രണ്ട് ഫോറസ്റ്റ് കൺസർവേറ്റർമാരുടെ നേതൃത്വത്തിൽ വിപുലീകരിച്ചപ്പോൾ ആയതിലേയ്ക്ക് കോഴിക്കോട് ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

മുട്ടിൽ മരം മുറി

109 (415) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുട്ടിൽ മരം മുറിക്ക് ഇടയാക്കിയ ഉത്തരവിനുശേഷം സർക്കാർ ഉടമസ്ഥതയിലുള്ള എത്ര വൃക്ഷങ്ങൾ മുറിച്ചുമാറ്റിയെന്ന് ക്യുബിക് അളവിൽ വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

മുട്ടിൽ മരം മുറിക്ക് ഇടയാക്കിയ ഉത്തരവിനുശേഷം വനം വകുപ്പ് വിജിലൻസിന്റെ അന്വേഷണത്തിൽ 11-3-2020 തീയതി മുതൽ 10-6-2021 തീയതി വരെയുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്തെ Land Assignment പട്ടയ ഭൂമികളിൽ നിന്നും സർക്കാരിൽ നിക്ഷിപ്തമായ 1612.121 M3 തേക്കുമരങ്ങളും 327.584 M3 ഈട്ടി മരങ്ങളും മുറിച്ച് മാറ്റിയിട്ടുണ്ട്.

(ബി) ഇപ്രകാരം സ്വകാര്യ ഉടമസ്ഥതയിലുള്ള എത്ര വൃക്ഷങ്ങളാണ് മുറിച്ചു മാറ്റിയത്; വ്യക്തമാക്കുമോ?

ഇപ്രകാരം Land Assignment പട്ടയഭൂമികളിൽ നിന്നും 11-3-2020 തീയതി മുതൽ 10-6-2021 തീയതി വരെ 2248 തേക്കുമരങ്ങളും 171 ഈട്ടി മരങ്ങളും മുറിച്ച് മാറ്റിയിട്ടുണ്ട്.

ഇടുക്കി ജില്ലയിൽ മുറിച്ച മരങ്ങളുടെ എണ്ണം

110 (416) ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇടുക്കി ജില്ലയിലെ വനം റേഞ്ചുകളിൽ നിന്നും 24-10-2020-നുശേഷം മൊത്തം എത്ര ഈട്ടി/തേക്ക് /എബണി/ചന്ദനം എന്നീ മരങ്ങൾ മുറിച്ചുവെന്ന് വ്യക്തമാക്കാമോ; ഇതിൽ വനം വകുപ്പിന്റെ അനുമതി വാങ്ങി മുറിച്ച മരങ്ങളുടെ എണ്ണം ലഭ്യമാക്കാമോ; വകുപ്പിന്റെ അനുമതി ഇല്ലാതെ എത്ര മരങ്ങളാണ് ഈ കാലയളവിൽ മുറിച്ചതെന്ന വിവരം ലഭ്യമാക്കാമോ?

ഇനം	മൂന്നാർ	കോതമംഗലം	കോട്ടയം	ആകെ
തേക്ക്	418	147	7	572
ഈട്ടി	17	1	-	18
	435	148	7	590

ഇതിൽ കോട്ടയം ഡിവിഷനിൽ മുറിച്ചിട്ടുള്ള 7 തേക്ക് മരങ്ങൾക്കൊഴികെ ബാക്കി 583 മരങ്ങൾ മുറിക്കുന്നതിനും വനം വകുപ്പ് അനുമതി നൽകിയിട്ടുണ്ട്.